## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5661 — 09.07.2012 - ൽ മറുപടിക്ക്

### സംസ്ഥാന അദ്ധ്യാപക അവാർഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ.അസീസ്<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാന അദ്ധ്യാപക അവാർഡ് ഏതൊക്കെ വിഭാഗങ്ങളിലെ അദ്ധ്യാപകർക്കാണ് നൽകുന്നത്; | (എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ഓരോ ജില്ലയിൽ നിന്നും പ്രൈമറി തലത്തിലും സെക്കണ്ടറി തലത്തിലും ഓരോ അദ്ധ്യാപകർക്കാണ് അവാർഡ് നൽകുന്നത്.<br>ഹയർ സെക്കൻഡറി അദ്ധ്യാപകർക്കും വൊക്കേഷണൽ ഹയർ സെക്കൻഡറി അദ്ധ്യാപകർക്കും അവാർഡ് നൽകുന്നുണ്ട്. |
| (ബി) അദ്ധ്യാപക അവാർഡ് നൽകുന്നതിന്റെ മാനദണ്ഡം എന്താണ്; | (ബി) താഴെപ്പറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് അവാർഡു നൽകുന്നത്.<br>1. ക്ലാസ്സ്റൂം അദ്ധ്യാപകർക്ക്, 15 വർഷത്തിൽ കുറയാത്ത അദ്ധ്യയന പരിചയവും, പ്രധാന അദ്ധ്യാപകന് 20 വർഷവും.<br>2. സമൂഹത്തിൽ അദ്ധ്യാപകന് ലഭിക്കുന്ന ആദരവും ബഹുമാനവും.<br>3. അദ്ധ്യാപന കാര്യത്തിൽ അദ്ധ്യാപകനുള്ള കാര്യക്ഷമതയും അവയുടെ പുരോഗതിക്കായി അദ്ധ്യാപകന്റെ താലപര്യവും.<br>4. സ്കൂൾ ജീവിതത്തിലും പുറത്തുമുള്ള പ്രവർത്തനമേഖലയിലും അദ്ധ്യാപകന്റെ നേരിട്ടുള്ള പങ്കും സംഭാവനയും. |

5. വിദ്യാർത്ഥികളോടുള്ള അദ്ധ്യാപകന്റെ നിർവ്യാജ സ്നേഹവും അവരുടെ ഉയർച്ചയിലുള്ള താലപ്പര്യവും.

## ഹയർ സെക്കൻഡറി

15 വർഷം ഹയർ സെക്കൻഡറി സർവ്വീസുള്ള അദ്ധ്യാപകരെയാണ് അവാർഡ് നിർണ്ണയത്തിനായി പരിഗണിക്കുന്നത്. അദ്ധ്യാപകന് ലഭിക്കുന്ന ആദരവും ബഹുമാനവും അദ്ധ്യാപന കാര്യത്തിലുള്ള കാര്യ ക്ഷമതയും താല്പര്യവും പ്രവർത്തന മേഖലയിലെ പങ്കും സംഭാവനയും വിദ്യാർത്ഥികളോടുള്ള അദ്ധ്യാപകന്റെ സ്നേഹവും അവരുടെ ഉയർച്ചയിലുള്ള താൽപര്യവും അവാർഡ് നൽകുന്നതിന് മാനദണ്ഡമായി കണക്കാക്കുന്നു.

## വി.എച്ച്.എസ്.ഇ.

1. 10 വർഷത്തിൽ കുറയാത്ത വൊക്കേഷണൽ ഹയർ സെക്കൻഡറി അദ്ധ്യാപന പരിചയമുണ്ടായിരിക്കണം.
2. അദ്ധ്യാപക കാര്യങ്ങളിൽ കാര്യ ക്ഷമതയും അവയുടെ പുരോഗതിക്കായി താൽപര്യമുള്ള വ്യക്തിയായിരിക്കണം.
3. സ്കൂളിനകത്തും പുറത്തുമുള്ള പ്രവർത്തന മേഖലകളിൽ കാര്യ-മായ സംഭാവന നൽകിയിട്ടുള്ള വ്യക്തിയായിരിക്കണം.
4. സമൂഹത്തിൽ ആദരവും ബഹുമാന വുമുള്ള വ്യക്തിയായിരിക്കണം.

5. വിദ്യാർത്ഥികളോട് നിർവ്യാജമായ സ്നേഹവും അവരുടെ ഉയർച്ച യിൽ താൽപര്യമുള്ള വ്യക്തി-യായിരിക്കണം.
6. പുകവലി, മദ്യപാനം, മറ്റ് മയക്കു മരുന്നുകൾ എന്നിവ ഉൾപ്പെടെ-യുള്ള ലഹരി പദാർത്ഥങ്ങൾ തീർത്തും ഉപയോഗിക്കാത്ത വ്യക്തിയായിരിക്കണം.

(സി) ജഡ്ജിംഗ് കമ്മിറ്റിയിലെ അംഗങ്ങൾ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(സി) ജില്ലാതലത്തിൽ കളക്ടർ ചെയർമാനും, വിദ്യാഭ്യാസ ഉപഡയറക്ടർ കൺവീനറും വിദ്യാഭ്യാസ മേഖലയിലെ വിദഗദ്ധരും അടങ്ങിയ ജില്ലാതല സെലക്ഷൻ കമ്മറ്റിയാണ് അവാർഡിന് അദ്ധ്യാപകരെ ശുപാർശ ചെയ്യുന്നത്. സംസ്ഥാന അവാർഡ് നിർണ്ണയ കമ്മറ്റിയിൽ ബഹു.വിദ്യാഭ്യാസ മന്ത്രി ചെയർമാനും, പൊതുവിദ്യാഭ്യാസ സെക്രട്ടറിയും, പൊതുവിദ്യാഭ്യാസ ഡയറക്ടർ കമ്മറ്റി അംഗങ്ങളുമാണ്.

ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി തലത്തിലുള്ള ജഡ്ജിംഗ് കമ്മറ്റിയിൽ ഹയർ സെക്കൻഡറി ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കൻഡറി ഡയറക്ടർ, ഡി.പി.ഐ., സിമാറ്റ് ഡയറക്ടർ, എന്നിവർ അംഗങ്ങളും അക്കാഡമിക് വിഭാഗം ജോയിന്റ് ഡയറക്ടർ ജനറൽ കൺവീനറുമാണ്.

സെക്ഷൻ ഓഫീസർ.